മിസ്റ്റർ എം. എം. പോൾ: റേഷന്റെ കാര്യമാണ് പ്രധാനം. ആദ്യം ഫെയർ പ്രൈസ് കമ്മിറ്റിയായിരുന്നു. റേഷൻ ഏറ്റെടുത്ത നടപ്പിൽ വന്നപ്പോൾ അതിന്റെ പേർ റേഷൻ കമ്മിറ്റി എന്നാക്കി.

മിസ്റ്റർ വി. കെ. കട്ടി: അഡ്വൈസറി കമ്മിറ്റിയെന്നാക്കിയാൽ എന്താണു ദോഷം? ഞാൻ എന്റെ ഉപക്ഷേപം പിൻവലിക്കുവാൻ അനുവാദം ചോദിച്ചുകൊള്ളുന്നു.

Motion by leave withdrawn

Mr. C. K. Nayar *(Nemmara)*: I withdraw my motion.

Motion, by leave, withdrawn

CUT MOTION No. 17

Food Committees—Constituting of

Mr. K. Kunhirama Menon *(Cheruthuruthi)*: Sir, I beg to move *to reduce the allotment of Rs. 3,94,709 for Food Supplies by Re. 1 to impress upon the Government the necessity of constituting Food Committees in the State.*

അടുത്തുതന്നെ ബഹുമാനപ്പെട്ട Food Director അവർകളെ ഉപദേശിക്കുവാൻ ഒരു കമ്മിറ്റി നിയമിക്കണമെന്ന സംഗതിയെ ഇപ്പോൾ ഒരു കമ്മിറ്റി ഉണ്ടെന്നു പറഞ്ഞു എതുത്തുകൊണ്ട് ഈ നിയമസഭയിൽ, കൊച്ചിയിലെ വില്ലേജുകൾതോറും ഓരോ കമ്മിറ്റികൾ വെക്കേണമെന്നാവശ്യപ്പെടുന്നതിനായിട്ടാണ് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതു്. അതായതു വില്ലേജിലുള്ളവരെ കമ്മിറ്റിയിൽ വെച്ചാൽ അവക്കു travelling allowance കൊടുക്കേണ്ടിവരികയില്ല എന്നുമാത്രമല്ല ആ കമ്മിറ്റികൊണ്ടു യാതൊരുവിധമായ ചിലവും ഗവൺമെണ്ടിലേക്കു വന്നുചേരുന്നതല്ല. Ration cardകൾ കൊടുക്കുക, Commandeering, Smuggling മുതലായ കാര്യങ്ങളിൽ ഉപദേശിക്കുക എന്നുമാത്രമല്ല Price Control കാര്യങ്ങളിൽ ഏവംവിധങ്ങളായ സഹകരണങ്ങൾ, പ്രായോഗികങ്ങളായ നിർദ്ദേശങ്ങൾ മുതലായതു തരുക, മുതലായതിനു അതാതു വില്ലേജുകളിലുള്ളവരായാലെ ആയതു നന്നായിതീരുകയുള്ളുവെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഈ Food Committeeകൾ വില്ലേജുകൾതോറും സ്ഥാപിച്ചാൽ ഓരോ താലൂക്കുകളിലേയും Assistant Supply Officer മാക്കും Field Officerമാക്കും Committee Memberമാരെ പോയിക്കണ്ടു വേണ്ട ഉപദേശങ്ങൾ കൊടുക്കുവാനും ഓരോ വില്ലേജുകളിലേയും ക്ഷാമനിവാരണങ്ങൾക്കു വേണ്ട നിർദ്ദേശങ്ങൾ ലഭിക്കുവാനും സാധിക്കുന്നതാണ്. Food Director അവർകൾക്കു ഇതു കൂടുതൽ സഹായമായിരിക്കുമെന്നു ഞാൻ ഉറപ്പു പറയുന്നു. Commandeering നടത്തുവാൻ കൂടുതൽ ഉപദേശങ്ങൾ ലഭിക്കുന്നതായിരിക്കും. Villageകളിലെ Black Marketing തീരെ നിർത്തൽ ചെയ്യുവാൻ സാധിക്കുന്നതാണ്. ഗവൺമെണ്ടിൽനിന്നു Committee രൂപീകരിച്ചുകുറെ മെമ്പർമാർ ഉണ്ടെന്നു ഗസറ്റിൽ പേരു പ്രസിദ്ധപ്പെടുത്തിവെച്ചതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. നിർഭാഗ്യവശാൽ ഞാനും ആ Advisory Committeeയിലെ ഒരു മെമ്പറാണ്. കമ്മിറ്റി വെച്ചതിനു ശേഷം ഇതേവരെ അതിന്റെ ഒരു മീറ്റിങ്ങ്പോലും ഉണ്ടായിട്ടില്ലായെന്നു പറയുമ്പോൾ ആ കമ്മിറ്റിയെപ്പറ്റി പൊതുജനാഭിപ്രായം എന്തായിരിക്കുമെന്നു ആലോചിച്ചുനോക്കിയാൽ അറിയാവുന്നതാണ്. ശരിയായ ഒരു ചുമതലക്കാരൻ അതിൽ ഇല്ലാത്തതുതന്നെയാണ് അതിനു കാരണം എന്നു വിശ്വസിക്കുന്നു. കൊച്ചിരാജ്യത്തു് ഉള്ള വില്ലേജുകൾതോറും മൂന്നോ അഞ്ചോ ആളുകളടങ്ങിയ ഒരു Food Committee രൂപീകരിക്കണമെന്ന സംഗതിയെ ഈ ഉപക്ഷേപം മൂലം ഞാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിനോടു് അപേക്ഷിച്ചുകൊള്ളുന്നു.

മിസ്റ്റർ ജോസഫ് പെട്ട: റേഷൻ കമ്മിറ്റി എന്നുള്ളതു് ഫുഡ്ഡ് കമ്മിറ്റിയെന്നാക്കി മാറ്റുന്നതിൽ ഗവൺമെണ്ടിനു വല്ല വിരോധവുമുണ്ടോ?

രാമവർമ്മതമ്പുരാൻ: യാതൊരു വിരോധവുമില്ല. ഓരോ പഞ്ചായത്തിലും ഓരോ കമ്മിറ്റി ഇപ്പോൾ ഉണ്ടു്. അതിനും പുറമെ വില്ലേജുകൾതോറും ഓരോ കമ്മിറ്റി വെക്കുവാൻ പ്രയാസമാണു്.

മിസ്റ്റർ കെ. നാരായണമേനോൻ: വില്ലേജുകൾതോറുമായാൽ അവക്കു ശമ്പളമൊന്നും കൊടുക്കണ്ടാ.

LIBRARY ARCHIVES Kerala Legislative Assembly

ഡപ്യൂട്ടി പ്രസിഡണ്ട് : മിസ്റ്റർ കുഞ്ഞിരാമമേനോൻ മെമ്പറായുള്ള കമ്മിറ്റിയുടെ ഫങ്ഷൻതന്നെ ഉണ്ടായിട്ടില്ലെന്നു പറയുകയുണ്ടായി.

മിസ്റ്റർ എം. എം. പോൾ : ഇപ്പോൾ അഡൈസറി കമ്മിറ്റി ഫങ്ഷൻ ചെയ്യാനായിട്ടാണ് ഇൻസ്ട്രക്ഷൻസ് കൊടുത്തിട്ടുള്ളതു്.

മിസ്റ്റർ എ. ഈച്ചരമേനോൻ : ചില ദിക്കുകളിൽ കമ്മിറ്റി ഫങ്ഷൻ ചെയ്യിട്ടുണ്ട്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ : എനിക്കു ചില വിവരങ്ങളും ചോദിച്ചറിയുവാനുണ്ട്. കമ്മിറ്റി കൂടാഞ്ഞതു രൂപകളും മറ്റു സംഗതികളും ഉണ്ടാകാത്തതുകൊണ്ടാണെന്നു പറയുകയുണ്ടായി. എന്നാണ് ഈ കമ്മിറ്റി കാൺസ്റ്റിറ്റ്യൂട്ട് ചെയ്തതു് എന്നു പറഞ്ഞാൽ കൊള്ളാം.

മിസ്റ്റർ എം. എം. പോൾ : മുനിസിപ്പാലിറ്റിയിൽപെട്ടതു തുടങ്ങീട്ടു് ഒന്നര മാസവും മറ്റതു മൂന്നു മാസത്തിനു മേലുമായിട്ടുണ്ട്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ : ഏതായാലും ഒരു കാര്യം ഇതിൽനിന്നു മനസ്സിലായിട്ടുണ്ട്. ഒരു കമ്മിറ്റിയെ ഏല്പിട്ടത്തീട്ടുണ്ടെങ്കിലും അതിന്റെ പ്രവർത്തനപദ്ധതി നടപ്പിലാക്കാതിരിക്കുന്നതുകൊണ്ടു് ഇതുയും ചുമതലാബോധമുള്ള, ന്യായം, ന്യായം, വ്യായം ഉദ്യോഗസ്ഥന്മാരെപ്പറ്റി കൊച്ചീരാജ്യക്കാർ എങ്ങിനെ വിചാരിക്കുമെന്നാണ് ഞാൻ ചോദിക്കുന്നതു്.

Rama Varmha Tampuran *(Secretary to Government):* These fair price shops are as a matter of fact appointments made by the Food Department, and the activities of the Department grew. It was not something that was copied from outside. According to our needs and circumstances, the department had to grow. There were no fair price shops at all at one time. There was no Grain Purchasing Scheme. There was no tapioca control. There was no ration order and there was no ration. All these things grew from day to day and the acute necessities of the department also. When we first constituted the fair price shops the intention mostly was that these shops will work more or less as an institution to level prices. That was the one intention with which the fair price shops were started. Side by side with that, they also grew into small Government depots, and when they grew into such small depots, Government thought that it would be advisable to constitute a small committee,a board of members, who can visit these shops and see if they are working properly and if they are not working properly to record their remarks in books. It was at that stage that committees were constituted, and when committees were constituted at that stage, there was no need for any elaborate rules. That is why these committees were constituted without rules. It was later on that an elaborate ration order was issued. It was later on that these fair price shops were opened all on a sudden. They started at one end and spread from there slowly within 2 months through the whole State. Later on this rationing scheme came in. When they came in, there were certain representations that on a wider scale these committees should be constituted. The rules are being prepared. This happened simply because the department and its activities had to grow from day to day. It is not such a department for which rules have to be copied. Further, we have to follow along the lines obtaining in the adjacent territory. Therefore, this is a case where we cannot frame rules all on a sudden. Now, after the discussions, we will consider the position more elaborately and we will fix the terms in such a way that the Government should get all possible help from non-official sources in every village *(hear hear)*

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: More elaborately എന്നുള്ളതു് More quickly എന്നാക്കിയാൽ കൊള്ളാമായിരുന്നു.

Rama Varmha Tampuran *(Secretary to Government):* More elaborately and more quickly.

Motion by leave withdrawn

CUT MOTION No. 18

Rigorous Commandeering of paddy

Mr. P. Kumaran Ezhuthassan *(Vadakkancheri);* Mr. President, The cut motion that I have the privilege to move before this House is one that vitally affects the food that we have to consume during the early months of the coming year. This proposition I request you to kindly view with great consideration.

LIBRARY ARCHIVES Kerala Legislative Assembly